## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4066** — **16.03.2017**-ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) പാർലമെന്ററി കാര്യ വകുപ്പിനു കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ആണ്. പ്രസ്തുത സ്ഥാപനം സംസ്ഥാനത്തെ സർക്കാർ /എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗം എന്നിവയിൽ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്,' പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവയും പ്രസിദ്ധീകരിച്ചു വരുന്നു. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്കും യുവതലമുറയ്ക്കും നൽകുന്നതിനായി സ്കൂൾ/കോളേജ് തലത്തിൽ സെമിനാറുകളും ജനാധിപത്യ പാർലമെന്ററി സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു. |

| | |
|---|---|
| (ബി) മുൻകാലങ്ങളിലെപ്പോലെ നിയമസഭാ സാമാജികർക്കും അവരുടെ സെക്രട്ടറിമാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ നിയമസഭാ സാമാജികർക്കും അവരുടെ സെക്രട്ടറിമാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കാറില്ല. |
| (സി) പ്രസ്തുത സ്ഥാപനം പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ മറ്റു ഏജൻസികൾ പരിശീലന പരിപാടികൾ ഏറ്റെടുത്തു നടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ് നടത്തുന്നത്; വെളിപ്പെടുത്തുമോ? | (ഡി) കേരളത്തിൽ 140 നിയോജക മണ്ഡലങ്ങളിലുമുള്ള ഓരോ സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 138 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം നടത്തുന്നതിനും 182 സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും 232 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സ്കൂളുകൾക്ക് നിർദ്ദേശം നല്കുകയും ഇവയുടെ പ്രവർത്തനം നടന്നു വരികയുമാണ്. വിവിധ ജില്ലകളിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തിലുള്ള സെമിനാറുകൾ നടന്നു വരുന്നു. അതോടൊപ്പം യൂത്ത് പാർലമെന്റ് സംഘടിപ്പിക്കുകയും, മനുഷ്യാവകാശ പരിശീലന ക്ലബ്ബുകളും പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും കോളേജു തലത്തിലും പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |

(signature)

സെക്ഷൻ ഓഫീസർ